ഉത്തരം

(എ) ഗോഡൗണുകളിൽ പോലീസ് റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

32 (3358) മാമല എക്സൈസ് ഓഫീസ്

ശ്രീ. എം.പി. വർഗ്ഗീസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാമല എക്സൈസ് ഓഫീസ് കോമ്പൗണ്ടിൽ എത്ര വർഷം പഴക്കംചെന്ന വാഹനങ്ങൾ വരെ കിടക്കുന്നുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) കേസ് തീർന്നിട്ടും ലേലം ചെയ്യാതെ കിടക്കുന്ന എത്ര വാഹനങ്ങൾ ഇവിടെ ഉണ്ട്;

(സി) ഇവ കോമ്പൗണ്ടിൽ നിന്നും ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1993, 1994, 1997, 1998, 1999 എന്നീ വർഷങ്ങളിൽ പിടിച്ചെടുത്ത യഥാക്രമം 4, 1, 4, 10, 10 വാഹനങ്ങൾ മാമല എക്സൈസ് ഓഫീസ് കോമ്പൗണ്ടിൽ കിടക്കുന്നുണ്ട്.

(ബി) പാലക്കാട് ഡിവിഷനിലെ കെ.എൽ. 7-5394 എന്ന ലോറി കേസ് തീർന്നിട്ടും ലേലം കൊള്ളാൻ ആളില്ലാതെ ഇപ്പോഴും കിടക്കുന്നുണ്ട്.

(സി) കേസ് തീരുന്ന മുറയ്ക്ക് വാഹനങ്ങൾ ലേലം ചെയ്ത് കോമ്പൗണ്ടിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നു.

33 (3359) ദേശസാൽകൃത ബാങ്കുകളുടെ നിക്ഷേപ വായ്പാത്തോത്

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളുടെ നിക്ഷേപ വായ്പാത്തോത് 1998-99 വർഷത്തിൽ എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് മുൻവർഷങ്ങളുമായി താരതമ്യം ചെയ്താൽ എന്തെങ്കിലും മാറ്റം ഉള്ളതായി മനസ്സിലാക്കാൻ സാധിക്കുമോ;

(സി) വായ്പ തിരിച്ചടയ്ക്കുന്നതിന്റെ കാര്യത്തിൽ മറ്റേതൊരു സംസ്ഥാനത്തേക്കാളും മുൻപന്തിയിൽ കേരളത്തിലെ ഉപഭോക്താക്കൾ നിൽക്കുമ്പോൾ വായ്പ അനുവദിക്കുന്ന കാര്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകൾ വിവേചനപരമായ നയം സ്വീകരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഈ കാര്യത്തിൻമേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇനിയും അനുകൂലമല്ലാത്ത നയമാണ് ബാങ്കുകൾ സ്വീകരിക്കുന്നതെങ്കിൽ കേരളത്തിനുവേണ്ടി ഒരു വികസന ബാങ്ക് സ്വന്തമായി ആരംഭിക്കണം എന്ന ആവശ്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) കേരളത്തിലെ ദേശസാൽകൃത ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 1998 മാർച്ച് 31 വരെ 45.77 ശതമാനവും 1998 ഡിസംബർ 31 വരെ 41.8 ശതമാനവുമാണ്.

(ബി) വായ്പാ നിക്ഷേപ അനുപാതം കഴിഞ്ഞ ഏതാനും വർഷങ്ങളായി കുറഞ്ഞുവരുന്ന പ്രവണതയാണ് കാണിക്കുന്നത്.

(സി) ദേശസാൽകൃത ബാങ്കുകളിൽ നിന്നും നിക്ഷേപത്തിലെ വർദ്ധനയ്ക്ക് ആനുപാതികമായി കേരളത്തിന് വായ്പ ലഭിക്കുന്നില്ല എന്നത് വസ്തുതയാണ്.

(ഡി) സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റിയുടെ യോഗത്തിൽ ഈ വിഷയം ചർച്ചചെയ്യുകയും വായ്പാ നിക്ഷേപാനുപാതം വർധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബാങ്കുകളെ പ്രേരിപ്പിക്കുകയും ചെയ്തുവരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

34 (3360) ബാങ്കുകളുടെ നിക്ഷേപ-വായ്പാ അനുപാതം

ശ്രീ. പാലോട് രവി :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. വി. ബാലറാം :
ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ബാങ്കുകളുടെ നിക്ഷേപ വായ്പാ അനുപാതം എത്രയായിരുന്നു; ഇപ്പോൾ എത്രയാണ്;

(ബി) നിക്ഷേപ-വായ്പാ അനുപാതം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1996 മാർച്ച് 31 വരെയുള്ള കണക്കനുസരിച്ച് കേരളത്തിലെ വാണിജ്യ ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 44.42 ശതമാനമായിരുന്നു. 1998 ഡിസംബറിലെ കണക്കനുസരിച്ച് വായ്പാ നിക്ഷേപ അനുപാതം 41.80 (42%) ശതമാനമാണ്.

(ബി) വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സർക്കാർ വിവിധ തലത്തിൽ ചർച്ചകൾ നടത്തുകയുണ്ടായി. 17-9-1996-ൽ മുഖ്യമന്ത്രിയും 10-12-1998-ലും 17-7-99-ലും ധനമന്ത്രിയും കാനറാബാങ്ക് എസ്.ബി.ഐ., എസ്ബി.ടി. എന്നീ ബാങ്കുകളുടെ തലവൻമാരുമായി ചർച്ചകൾ നടത്തിയിരുന്നു. രണ്ട് ചർച്ചകളിലും ബാങ്കുകൾ അവയുടെ വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കാമെന്ന് സമ്മതിച്ചിരുന്നു. ഇതിനുപുറമേ

LIBRARY ARCHIVES Kerala Legislative Assembly